# KERALA ELECTRICITY EMPLOYEES' CONFEDERATION INTUC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P<br>9447083300 | Adv. SIBYKUTTY FRANCIS<br>9447303578 | V.SUDHEER KUMAR<br>7012655030 |


No. KEEC/GL/2024/08

തിരുവനന്തപുരം
06.03.2024

സ്വീകർത്താവ്

ബഹു.ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, SCM & Safety)
KSEB ലിമിറ്റഡ്, വൈദ്യുതി ഭവൻ
തിരുവനന്തപുരം

സർ,

വിഷയം : ബന്ധുനിയമനം സംബന്ധിച്ച ഉത്തരവ് പിൻവലിക്കുന്നത് സംബന്ധിച്ച്.

സൂചന : No.KSEBL/DIR/DIST/317/2024-AEE4/29.2.2024 of Director Distribution, SCM & Safety

താങ്കളുടെ ഓഫീസിൽ നിന്നും ഇറങ്ങിയ സൂചന ഉത്തരവിൽ തന്നെ നിലവിൽ KSEBL ൽ നിരവധി ഒഴിവുകൾ ഉണ്ടെന്ന് സമ്മതിക്കുന്നു. ഇത് ഞങ്ങൾ നാളുകളായി ചൂണ്ടിക്കാണിക്കുന്ന കാര്യമാണ്. 2016 അവസാനം വന്ന പുതിയ സെക്ഷനുകളിലെ ഒഴിവുകൾക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷം അനുവാദം നൽകിയിട്ടില്ല. ഞങ്ങൾ റെഗുലേറ്ററി കമ്മീഷനിൽ വാദിച്ചത് 34000 ൽ പരം തസ്തികകൾക്കാണ്. എന്നാൽ കമ്മീഷൻ അനുവദിച്ചത് 30321 തസ്തികകൾ ആണ്. നിലവിൽ KSEBL 26000 ത്തിനടുത്ത് ജീവനക്കാർ ജോലി ചെയ്യുന്നു. റെഗുലേറ്ററി കമ്മീഷന്റെ അനുവാദം അനുസരിച്ചുപോലും 4000 ൽ പരം ഒഴിവുകൾ ഉണ്ട്, പുതിയ സെക്ഷനിലെ ഒഴിവുകൾ വേറെയുമുണ്ട്. എല്ലാ ഒഴിവുകളും PSC യെ അറിയിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ജീവനക്കാരെ നിയമിക്കേണ്ടത് അത്യാവശ്യമുള്ള കാര്യമാണ്. പുതിയ നിയമനങ്ങളിൽ CEA റെഗുലേഷൻ പ്രകാരമുള്ള യോഗ്യതകൾ വേണമെന്നുള്ളതും അംഗീകരിക്കുന്നു. പക്ഷെ സൂചന ഉത്തരവിൽ പറഞ്ഞിരിക്കുന്ന പല വിശദശാംശങ്ങളും തിരുത്തണം. താഴെപറയുന്ന കാര്യങ്ങൾ ഉടൻ ചെയ്യേണ്ടുന്നത് ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യമാണ്.

1. നിലവിലുള്ള ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ നടത്തുന്നതിന് CEA റെഗുലേഷൻ 2023 അനുസരിച്ച് യാതൊരു തടസ്സവുമില്ല. 8.6.2023 വരെ സർവീസിലുള്ള എല്ലാ ജീവനക്കാരെയും ഒരു ട്രെയിനിങ് നടത്തി സംരക്ഷിക്കാമെന്നാണ് 2023 റെഗുലേഷനിൽ പ്രതിപാദിച്ചിരിക്കുന്നത്. 8 മാസമായിട്ടും ട്രെയിനിങ് Schedule പോലും പബ്ലിഷ് ചെയ്തിട്ടില്ലായെന്നത് ഖേദകരമാണ്. ഈ വിവരങ്ങൾ ഒരു Special Engagement Advocate വഴി ബഹു.സുപ്രീം കോടതിയെ അറിയിക്കണമെന്നതും നാളിതുവരെ ബോർഡ് ചെയ്തിട്ടില്ല. വർക്കേഴ്സിന് പ്രമോഷൻ നൽകി ലൈൻമാൻ ഒഴിവുകൾ നികത്തണം.

2. അപ്പോൾ ഉണ്ടാകുന്ന ഇലക്ട്രിസിറ്റി വർക്കർമാരുടെ ഒഴിവിലേയ്ക്ക് PSC ലിസ്റ്റിലുള്ള കോൺട്രാക്ട് വർക്കർമാരിൽ നിന്നും നിയമനം നൽകണം. ബാക്കി ഒഴിവുകൾ PSC ക്ക് റിപ്പോർട്ട് ചെയ്യണം.

3. PSC ലിസ്റ്റ് വരുന്നതുവരെ നിലവിലെ ഒഴിവുകളിലേക്ക് Sanctioned Strength അനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തണം. അങ്ങയുടെ ഉത്തരവിൽ പറയുന്ന Posting Strength നിയമവിരുദ്ധമാണ്. അങ്ങനെ ഒരു വാക്ക് ഉപയോഗിക്കാൻ പാടില്ലാത്തതാണ്. അത് ജനറൽ ട്രാൻസ്ഫറുകളിൽ തൊഴിലാളികളെ ഉപദ്രവിക്കുന്നതിനുവേണ്ടി അംഗീകാരമുള്ള സംഘടന കണ്ടുപിടിച്ചതാണ്. അത് ഞങ്ങൾ അംഗീകരിച്ചിട്ടില്ല. ഇറക്കുന്ന പുതിയ ഉത്തരവിൽ "KSEBL ൽ മേലിൽ Posting Strength ഉപയോഗിക്കില്ല എന്ന് ചേർക്കണം".

4. നൈറ്റ് ഡ്യൂട്ടിക്ക് കൂടുതൽ ആളുകളെ നിയമിക്കണം.

5. സോളാർ റീഡിങ് മീറ്റർ റീഡർക്ക് നൽകിയെങ്കിലും അതിനു ഒരു Norm നിശ്ചയിച്ചിട്ടില്ല. ജീവനക്കാരിൽ അമിതഭാരം അടിച്ചേൽപ്പിക്കുകയാണ്. Norm നിശ്ചയിക്കണം, പ്രശ്നം പരിഹരിക്കണം. POS machine വന്നതോടെ റേഞ്ച് ഇല്ലാത്ത സ്ഥലങ്ങളിൽ ചെല്ലുമ്പോൾ മീറ്റർ റീഡർ ഉപഭോക്താവിനെയും വിളിച്ചുകൊണ്ട് റേഞ്ച് തപ്പിപ്പോയിട്ട് അതുള്ള സ്ഥലത്ത് ചെന്ന് 'POS' ing നടത്തി പണം അടപ്പിക്കണമെന്ന് ചില എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പറഞ്ഞതായി അറിയുന്നു. ആധുനിക ലോകത്താണോ ഇക്കൂട്ടർ ജീവിക്കുന്നതെന്ന സംശയം ബാക്കി നിൽക്കുന്നു.

Sanctioned Strength അനുസരിച്ച്, PSC ലിസ്റ്റ് വരുന്നതുവരെ തല്ക്കാലം എംപോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും യോഗ്യരായവരെ നിയമിച്ച് KSEBL ന്റെ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും, ഇലക്ട്രിസിറ്റി വർക്കർമാരുടെ പ്രമോഷൻ നൽകുന്നതിനുമുള്ള തീരുമാനം ഉടൻ എടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION
Reg: No. 01-14/87
AFFI. No. 10488
INTUC